മെഡിക്കൽ കോളേജ് ഫാർമക്കോളജി വിഭാഗം വകുപ്പ് തലവൻ ചെയർമാനും, പത്തോളജി, മൈക്രോബയോളജി, ജനറൽ മെഡിസിൻ, ബയോകെമിസ്ട്രി എന്നീ വകുപ്പുമേധാവികൾ, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, ഹെൽത്ത് സർവ്വീസ് അഡീഷണൻ ഡയറക്ടർ (മെഡിക്കൽ), ഡയറക്ടർ, പബ്ലിക് ഹെൽത്ത് ലബോറട്ടറി എന്നിവർ അംഗങ്ങളായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോളറും എക്സ്പെർട്ട് കമ്മിറ്റിയും തരുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആവശ്യമെങ്കിൽ കോണ്ടിബയോ ഉല്പന്നങ്ങൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ച ആശുപത്രികൾ

*18 [646] *ശ്രീമതി രാധാരാഘവൻ :*
ശ്രീ. എം. എം. ഹസ്സൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, *ജോർജ്ജ് ജെ. മാത്യു :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതെല്ലാം ലെവലിലുള്ള ആശുപത്രികളാണ് കൈമാറിയിട്ടുള്ളത്;

(ബി) പ്രസ്തുത ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ വ്യവസ്ഥകളുണ്ടോ;

(സി) എങ്കിൽ ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം വരെ ആശുപത്രി വികസനത്തിനും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വകയിരുത്താവുന്നതാണ്;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിൽ അതിന് തുക വകയിരുത്താൻ വ്യവസ്ഥയില്ലാത്തപക്ഷം അത്തിനുള്ള വ്യവസ്ഥയുണ്ടാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* :

(എ) 1. ഗ്രാമപഞ്ചായത്ത് — പ്രൈമറി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ഡിസ്പെൻസറി (ആരോഗ്യം), ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, ആശുപത്രി (ആയുർവ്വേദം) ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, ആശുപത്രി (ഹോമിയോ)

LIBRARY ARCHIVES Kerala Legislative Assembly

2. ബ്ലോക്ക് പഞ്ചായത്ത്—ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ/താലൂക്ക് ആശുപത്രി/ഗവൺമെന്റ് ആശുപത്രി (ആരോഗ്യം, ഹോമിയോ, ആയുർവ്വേദം)

3. നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ — കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ആശുപത്രി, താലൂക്ക് ആശുപത്രി (ആരോഗ്യം, ഹോമിയോ, ആയുർവ്വേദം)

4. ജില്ലാപഞ്ചായത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ജനറൽ ആശുപത്രികൾ ഒഴിച്ച് മറ്റ് 11 ജില്ലകളിലേയും ജില്ലാ ആശുപത്രികൾ, ജില്ലാ ആയുർവ്വേദ ആശുപത്രികൾ, ജില്ലാ ഹോമിയോ ആശുപത്രികൾ.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ഓരോ വാർഷിക പദ്ധതിയിലും പദ്ധതി വിഹിതം, തനത് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക (ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്—കുറഞ്ഞത് 30%, നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ—കുറഞ്ഞത് 10%, ജില്ലാപഞ്ചായത്ത്—കുറഞ്ഞത് 25%) ഉല്പാദന മേഖലയിലെ പ്രോജക്ടുകൾ, അംഗൻവാടി പോഷകാഹാരവിതരണം മുതലായ പരിപാടികൾക്കുള്ള അനിവാര്യ വകയിരുത്തലുകൾ എന്നിവയ്ക്ക് ശേഷം പദ്ധതിവിഹിതത്തിൽ ബാക്കിയുള്ള തുകയ്ക്ക് സേവന മേഖലയിൽ ഉൾപ്പെടുന്ന ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്.

(ഡി) പ്രസക്തമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ

*19 [647] *ശ്രീ. എൻ. രാജൻ :*
,, എം. കുമാരൻ :
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, അതിനുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly